ജനലഴിയിലെ പാമ്പ്

കഥ

സമകാലിക മലയാളംവാരിക മാർച്ച്2 -7

വര: ചൻസ്

# ജനലഴിയിലെ പാമ്പ്

ജോസ് പാഴൂക്കാരൻ.

"അയ്യോ പാമ്പ്!"

ഷാഹിന ഞെട്ടി എഴുന്നേറ്റ് ജനാലയിലേക്ക് നോക്കി. അതവിടെത്തന്നെയുണ്ട്. കമ്പിയഴികളിൽ ചുറ്റിപ്പിണഞ്ഞ്, പത്തിവിരിച്ച് നാവ് നീട്ടി തന്നെ ഭയപ്പെടുത്തിക്കൊണ്ട്. വലിയപാമ്പ്, രാജവെമ്പാലതന്നെ ഇളം പച്ചവർണ്ണ കർട്ടിനിടക്ക് പൊഴിക്കാത്ത ശല്ക്കങ്ങളുമായി തലവലിച്ചും പുറത്തേക്കിട്ടും എന്തിനോ തക്കം നോക്കുകയാണ്. അവൾ അറയിലെ ബെഡ്ഡിൽ ഇരുന്നുകൊണ്ട് തന്നെ എന്തുചെയ്യണമെന്നറിയാതെ സ്വയം വായപൊത്തി. ഒച്ചയിട്ടാൽ കുട്ടികൾ ഉണർന്ന് കരയും. സുറാബും, സാജിറയും നല്ലയുറക്കത്തിലാണ്. എന്താ ചെയ്യുക നിഷാന്ത് രണ്ടുദിവസമായി വന്നിട്ടില്ല. അയാളുടെ ബാപ്പയും ഉമ്മയും ഇപ്പോ സന്ദർശനമില്ല.കടൽക്കരയിലെ ഈ വലിയ വീട്ടിലെ മട്ടുപ്പാവിൽ ഒറ്റക്കെങ്ങനെയാണ് ഈ കുട്ടികളുമായി കഴിയുക.



ലെക്ക് നുഴഞ്ഞെത്തിയത്. താനൊറ്റക്കാണന്ന് അറിഞ്ഞിട്ടോ? അവൾ ഭയന്നു. കഴിഞ്ഞ ദിവസം പാമ്പിനെ കണ്ടകാര്യം അയൽക്കാരി റജീന ത്തയോട് പറഞ്ഞപ്പോൾ അവർ ചിരിച്ച്...ഇതിനുള്ളിൽ പാമ്പ് വരാൻ സാദ്ധ്യതയില്ലന്നും തോന്നലാണന്നും പറഞ്ഞ് കളിയാക്കി. ആ പാമ്പാണ് ഇപ്പഴും ജനലഴികളിൽ തൂങ്ങി തന്റെ നേരെ പത്തിയാട്ടുന്നത്. അത് പോയിട്ടില്ലായിരുന്നു. വീടിനുപുറകിൽ പൊന്തയാണ്. അവിടെനിന്നാവും അത് വരിക. റജീനത്തയുണ്ടായിരുന്നേൽ കാട്ടാമായിരുന്നു. മാർബിൾ പടവുകൾകേറി പാമ്പ് ജനായിലേക്ക് എത്തണമെങ്കിൽ ചില്ലറകാര്യമ ല്ല...നിഷാന്തിനെ വിളിച്ചു പറയാം...അവൾ ശ്രമിച്ചു..

കവേറേജിന് പുറത്താണന്ന് ഫോൺ പറഞ്ഞു.

അവൾ കണ്ണുപൂട്ടി കരഞ്ഞു..പുറത്തിറങ്ങി ആരോടെങ്കിലും പറയാമെ ന്നുവച്ചാൽ കുട്ടികളെ കൂട്ടുക എളുപ്പമല്ല..എഴുന്നേറ്റ് അവർ പാമ്പിനെ കണ്ടാൽ ഭയന്നേക്കാം.

ജനാലക്കപ്പുറം പുറത്തെ ഊക്കൻ ആഞ്ഞിലിമരത്തിന്റെ പടർപ്പൻ ശിഖരങ്ങൾക്കിടയിലൂടെ അകലെ കടൽ കണ്ടു അതിന്റെ ഇരമ്പം അവ ളുടെ ചെവിയെ തുളച്ചു. ദൂരെ രക്തവർണ്ണങ്ങൾ ചിതറുന്നു. അതിനു കീഴെ അലയാഴി അലറുന്നു...മട്ടുപ്പാവിലെ മുറിയിലവൾ പാമ്പിനെ കണ്ണി മക്കാതെ നോക്കി...കരയാനല്ലാതെ എന്തുമാർഗ്ഗം. ഭയത്തിന്റെ കണ്ണീർച്ചാലുകളെ കുടയാനാവാതെ അവൾ മരച്ചിരുന്നു. കടൽച്ചുഴിക ളുടെ ആഴമെത്രയളന്നിട്ടും നിലയില്ലാക്കയമെന്നപോലെ ഹൃദയം നില വിളിച്ചു. ജനാലയിലൂടെ സൂചിക്കുത്തായി സൂര്യ കിരണങ്ങൾ. കൂറ്റൻ മരശിഖരമിളകുകയാണ്. അപ്പോൾ ശിഖരങ്ങളിൽ പക്ഷികൾ ഇളകി. പൊ ത്തുകളിൽ പാമ്പുകൾ ഇഴഞ്ഞു.

ഫോണിൽ റജീനത്തായെ വിളിക്കാം...

റജീനത്താ പാഞ്ഞുവന്നപ്പോൾ ഷാഹിന വിറയലോടെ പറഞ്ഞു.

“നോക്കൂ റജീനത്താ ആടെപാമ്പ് ഞാൻ പറഞ്ഞില്ലേ..അത് പോയിട്ടി ല്ല.”

“എവിടെ?”

“ദാ ആ ജനൽക്കമ്പിമേല് ചുറ്റിപ്പിണഞ്ഞ് കിടക്കുന്നു.”

ഹ ഹ ഹ റജീനത്തായുടെ ചിരികേട്ട് ഷാഹിന അമ്പരന്നു..

“അനക്ക് ഭ്രാന്തു പുടിച്ചാ മോളെ..അത് പാമ്പല്ല...അന്റെ ചുരിദാറിന്റെ ഷാളല്ലേ.”

“അല്ല പാമ്പാണ്.”ഷാഹിന നോക്കിയതും പാമ്പ് എങ്ങോട്ടോ പോയ തായി കണ്ടു. അവൾ അമ്പരന്നു..തന്നെ ആരും വിശ്വസിക്കുന്നില്ല...

സത്യമായിട്ടും ആ പാമ്പ് അവിടെയുണ്ടായിരുന്നു. വലിയനീളവും വണ്ണ

വുമുള്ള ഒന്ന്. ആരോടാണ് പറയുക. ആരാണ് വിശ്വസിക്കുക..ഇപ്പോൾ ആകെ കൂട്ടിനുള്ളത് റജീനത്താമാത്രം. അവർ ചെറുപ്പമാണ്, രസിക യും, അഴകിനൊത്ത് ശരീരവടിവുള്ളവൾ. അവൾ ചുരിദാറാണ് ഇടുക. ഷാഹിന പർദ്ദയും.

" പെൺശരീരവടിവുകൾ ആണിനുള്ളതാണ് അതവർ കാണാതിരു ന്നാൽ ഒരുരസവുമില്ല ഷാഹിനെ.....അതിന് മതവുമായി ബന്ധമില്ല."

അതുംപറഞ്ഞ് ഒരിക്കൽ റജീനാത്താ ചിരിച്ചു. വല്ലപ്പോഴുമുള്ള റജീ നത്തായുടെ വരവും വാക്കുകളും ആശ്വാസമാണ്. അവരുടെ വാക്കുളെ പ്പോഴും നിരാകരണത്തിന്റെ ചാട്ടുളികളാണ്. എവിടെയൊക്കയോ തറച്ച് കേറുകയാണ്, വേണ്ടവർക്ക് ഹൃത്തിൽ മടക്കിസൂക്ഷിച്ചുവെക്കാവുന്നത്. ചുരിദാർ മോഹം ഉപേക്ഷിച്ചതിന്റെ കലിപ്പ് ഷാഹിനയുടെ മുഖത്ത് തിണർത്തത് കണ്ട് അവർ താടിപിടിച്ചുയർത്തി ചോദിച്ചു

"അനക്കും ആഗ്രഹമില്ലേ മോളേ?"

ഉണ്ടന്നോ, ഇല്ലന്നോ പറഞ്ഞില്ല.

അവരുടെ കയ്യിലെപ്പോഴും ഗൈഡ് കാണാം. പതിനായിരം ചോദ്യങ്ങ ളുടെ ഗൈഡ്. അടുത്തമാസാണ് പരീക്ഷ. ലാസ്റ്റ് ഗ്രേഡ് പരീക്ഷ എഴുതി സർക്കാർ ജോലികിട്ടിയാൽ രക്ഷപെട്ടൂന്നാ റജീനത്താ പറയുന്നത്.

അതുനോക്കി ചോദിച്ചു. "എന്നാ പീഎസ്സീ പരീക്ഷ?"

"അടുത്തന്നെയുണ്ട് മോളെ..."

ഒരിക്കല് റജീനത്താ അതുതുറന്നു പറയുകയും ചെയ്തു.

"ജയിച്ച് ജോലികിട്ടിയാല് പോക്കറെ പേടിക്കേണ്ടല്ലോ മോളെ. അഥവാ പോക്കറ് മൊയിചൊല്ലിയാലും സർക്കാരുജോലികൊണ്ട് എനക്ക് കഴി യാല്ലോ. കുട്ടികളില്ലാത്തത് നമ്മുടെ കുറ്റമല്ല. പടച്ചോനാ തരേണ്ടത്."

ഒരാൾ പറയുമ്പോഴാണ് മറവികൾ ഓർമ്മകളാകുന്നത്. സത്യമതല്ലേ പെണ്ണെന്തിന് ഇങ്ങനെ പൊതിഞ്ഞ് സൂക്ഷിക്കപ്പെടണം,ശ്വാസംമുട്ട ണം......ഷാഹിനക്കപ്പോൾ സ്വന്തം തട്ടവും പർദ്ദയുംം ഊരിയെറിയാൻ തോന്നി..പക്ഷെ വേണ്ട നിഷാന്തിന് അത് ഇഷ്ടമല്ല...പർദ്ദമതീന്ന് പറഞ്ഞ് ഇഷ്ടപ്പെട്ടല്ലേ വന്നേന്ന് ഒരിക്കൾ അനിഷ്ടത്തോടെയാണ് മുറുമുറുത്ത ത്. പാരിസ്ഥിതികമായ തോന്നലുകളാണ് മനസ്സ്. എല്ലാ ശരികളും ഊറക്കിടുന്ന ഒരിടമാണ് ജാതി അവിടെ പുക യിൽ വെന്തുകിടന്നാൽ മതീന്നാണ് അവരവരുടെ വാദം. ആദ്യമൊക്കെ അതൊരു അഭിമാനമായിക്കരുതി. പിന്നീട് സ്വാതന്ത്ര

ത്തിന്റെ അതിരുകൾ കോട്ടിയടക്കപ്പെട്ടുവെന്നും.

ഇപ്പോൾ നിഷാന്തിന്റ മനസ്സ് തെന്നിത്തുടങ്ങുന്നു... മുലകൊടുത്ത് ഉറക്കിയ സുറാബും, സാജിറയും ബെഡ്ഡിൽ നെഞ്ചനക്കിയുറങ്ങുന്നതു നോക്കി അവൾ നെടുവർപ്പെട്ടു. കുട്ടികളൂടെ കാര്യത്തിൽ നിഷാന്തിന് ചില സിദ്ധാന്തങ്ങളുണ്ട്..തനിക്കത് ആവൂല്ല...രണ്ടുമതി എന്നുതന്നെയാണ് തന്റെ വാദം....

"കുട്ടികളെ പടച്ചോൻ തരുന്നതാണ്..അതിനെ പരൃത്യജിക്കരുത് ഷാഹിനേ." നിഷാന്ത് ഖണ്ഢിക്കുന്നു

"എന്നെയങ്ങനെമാത്രമായിട്ടാണോ കാണുന്നത്."

"അങ്ങനെ ചിന്തിക്കുന്നോ....അതു തന്നെ പാപമാണ്. ആചാരങ്ങൾ ദൈവീകമാണ് ഷാഹിനേ. ചുരിദാർ വേണമെങ്കിൽ വീടിനുള്ളിലായിക്കോളൂ.."

ചമയങ്ങളെല്ലാം അയാളുടെ ഇഷ്ടത്തിന് മതീന്ന്. ഉള്ളിൽ തിളച്ചു. പെണ്ണിനെ തളക്കാമെന്ന് നിഷാന്തേ നീ കരുതേണ്ട. അഗ്നിയിൽ വെന്ത പെണ്ണാണ് ഞാൻ..

എങ്കിലും പറഞ്ഞു. "എന്നെ ഇങ്ങനെ തളച്ചിടരുത്. ആചാരങ്ങളുടെ ചങ്ങലഅറുത്ത് വന്നതാണ്ഞാൻ."



അയാൾ ചിരിച്ചു "പെണ്ണിനെതളക്കാൻ പുരുഷനല്ലാതെ മറ്റാരാ ഷാഹിനേ ഈ ലോകത്തുള്ളത്." നിഷാന്തിന്റെ താടിയും മീശയും....ജീൻസ് ഇറുക്കിയ പിന്നാമ്പുറവും വിരിഞ്ഞമാറും....പ്രദർശനശാലകൾ തന്നെ...ആ നീണ്ട ദൃഢഗാത്രത്തിന്റെ ഓജസ്സ് തുള്ളിതുളുമ്പുകയാണ്. ആകാരവടിവുകൾ തള്ളിച്ചിളക്കുന്ന അവനും, സർവ്വവും പൊതിഞ്ഞ് വിയർത്ത് നടക്കുന്ന തനിക്കും അയാൾക്കും ഇടയിലുള്ളതെന്ത്.അസ്വാതന്ത്രത്തിന്റെ ബാക്കിപത്രങ്ങൾ റജീനത്താ പറയുന്നത് ശരിയാണ് അവർ അവരുടെ രക്ഷ നോക്കുന്നു. നിഷാന്തിന്റെ ചിന്തകൾ മതമാണ്. മനുഷ്യരല്ല. ആദ്യമൊക്കെ ഹരമായിരുന്നു..പിന്നെപിന്നെ അസ്വസ്തതകൾ വേട്ടയാടി. നിഷാന്തിനും, കുടുംബക്കാർക്കും.എന്തൊരാവേശമായിരുന്നു തന്നെ കൂട്ടത്തിൽചേർക്കാൻ, അതിനായി താൻ നടത്തിയ ബലിയർപ്പണങ്ങൾ...വിമർശനങ്ങൾ....കോടതി....കേസ്....തടവ്...എല്ലാത്തനേയും ഭേദിച്ചു. എല്ലാത്തിനും അവനും, കുടുംബക്കാരും പിന്തുണ തന്നപ്പോൾ ആഹ്ളാദിച്ചു. ഇപ്പോളത് അനിഷടവും, മതനിയമങ്ങളും, അതിലെ പൊരുത്തക്കേടുകളുമാകുന്നു. നിഷാന്തിന്റെ ഉപ്പയും ഉമ്മയും ഇപ്പോ പഴയ താത്പര്യം കാണിക്കാറില്ല...അനുസരണകെട്ട ഹറാപിറന്നവൾ എന്നാണവരിപ്പോൾ പറയുന്നത്..

അങ്ങനെതന്നെയായിരുന്നല്ലോ താനും...സ്വന്തം അഛനേയും അമ്മയേയും നിഷാന്തിനുവേണ്ടി ഉപേക്ഷിച്ചവൾ. അവരോട്, എന്തിന് ഈ സമൂഹത്തോട് തന്നെ വലിയ മുഷ്ക്ക് കാട്ടിയവൾ..

അഛൻ പറഞ്ഞത് ഓർത്തു. മതമൊന്നും പ്രശ്നമല്ല മോളെ.. പക്ഷെ രണ്ടു ജീവിതസാഹചര്യങ്ങളെയാണ് ഭയക്കേണ്ടത്..ഭക്ഷണം...വസ്ത്രം.... കുട്ടികളെ വളർത്തൽ... ഇതൊന്നും മനുഷ്യന് മാറ്റാനൊക്കൂല്ല. ജീവിതത്തിൽ പല്ലുകടിയും, മുറുമുറുക്കലുമുണ്ടായാൽ ജീവിതം നരകമാക്കും.

റജീനത്താ മുറിവിട്ടപ്പോൾ ഷാഹിനാ ജനാലയിലേക്ക് കണ്ണിമക്കാതെ നോക്കി. പാമ്പ് അവിടെയുണ്ടോ..ഇപ്പോളതവിടെയില്ല. ഇനിയും വരുമോ.വന്നാല് എന്തുചെയ്യും. അവൾപോയി ജനാലും വാതിലുകളുമെല്ലാം നന്നായികുറ്റിയിട്ടു.

കുറച്ചുനേരം ടിവിതുറന്നു...പഴയകാല വാർത്തകൾ മനസ്സിൽ തെന്നി. കട്ടിലിന്റെ അറകൾ തുറന്ന് സൂക്ഷിച്ച് വച്ച പത്രത്താളുകൾ ഒന്നെടുത്ത് വായിച്ചു.

ഷാഹിന പൊരുതുന്നു ഭർത്താവിനൊപ്പം പോകാൻ.

സാജിറ കരഞ്ഞുകൊണ്ട് അപ്പോൾ എഴുന്നേറ്റു.

അവൾക്ക് മുലകൊടുത്തു.

ചുരുണ്ടുറങ്ങുന്ന സുറാബിനെ നോക്കി. നിഷാന്തിന്റെ മുഖഛായതന്നെ.

ആ നീണ്ടമൂക്കും ചുണ്ടും അതുതന്നെ അടുത്തവർഷം അവനെ ഓത്തു പള്ളീല് വിടണോന്ന് നിഷാന്ത് പറഞ്ഞിരുന്നു. സുറാബിന് അനിരുദ്ധനെന്ന് പേര് മതീന്ന് പറഞ്ഞിട്ടും അയാൾ സമ്മതിച്ചിരുന്നില്ല..സാജിറക്കും നിഷാന്തിന്റെ ഛായതന്നെ.

പുറത്ത് ഇരുട്ട് പകലിനെതിന്നുപോയി. ചീവീടുകൾ കൂട്ടക്കരച്ചിലായി. കുട്ടികളെ കുളിപ്പിച്ചു. അവർക്ക് ഭക്ഷണം കൊടുത്തു.

സുറാബ് പ്രാഞ്ചിയെത്തി പത്രമെടുത്ത് ചുരുട്ടിക്കീറാൻ തുടങ്ങി. ബെഡ്റൂമിലെ പോളീഷ് ചെയ്ത് മിനുക്കിയ ആഞ്ഞിലിത്തടി അലമാരയും..ധാരാളം അറകളുള്ളകട്ടിലും മുറിയെ ആഢംബരമാക്കുന്നു. ബെഡ്ഷീറ്റിലെ ചുവപ്പിൽ നീല കുറിഞ്ഞികൾ മന്ദഹസിക്കുന്നു. സുറാബിന്റെയും സാജിറയുടേയും കളിക്കോപ്പുകൾ തറയിൽ ചിതറിക്കിടക്കുന്നു. എത്രയെത്ര തരങ്ങൾ..അതിന് പണം ചിലവാക്കാൻ നിഷാന്തിന് ഒരുമടീയുമില്ല.

പിറ്റേന്ന് കുട്ടികളെ കളിക്കാൻവിട്ട് മട്ടുപ്പാവിലിരുന്ന് ഷാഹിന കടൽത്തിരകളെ നോക്കി ഇടക്കിടെ പാമ്പിന്റെ ചിന്തയും അവളെ വേട്ടയാടി. നിഷാന്ത് ഇനിയും വിളിച്ചിട്ടില്ല. ആദ്യമാണ് ഇങ്ങനെ. കൂടുതൽ കുട്ടികൾക്ക് നിഷാന്ത് എന്തിനാണ് വാശിപിടിക്കുന്നത്, എന്തിനാണിങ്ങനെ പിണങ്ങിപ്പോകുന്നത്. നിഷാന്തിന് ജോലീ തടിമില്ലിൽ കണക്കെഴുത്താണന്നു മാത്രമറിയാം... വിദേശത്തുപോയി കുറച്ചുകൂടി കാശുണ്ടാക്കണമെന്ന ആഗ്രഹം താനാണ് വിലക്കിയത്.

ജീവിക്കാനെന്തിനാ ഇക്കാ ഒത്തിരിപ്പണം..ആവശ്യത്തിനുള്ളത് നമുക്കില്ലേ.

അഭിപ്രായങ്ങൾക്ക് കൂച്ചുവിലങ്ങിട്ട് തന്നെ പാടെ നിരാകരിച്ചു. അടുത്തനാളായി. മദ്യത്തിന്റെ മണമാണ്. തനിക്കത് ഹറാമെന്ന് എത്രപറഞ്ഞിട്ടും കൂസലില്ല രാത്രിയായി. കുട്ടികൾ ഉറക്കമായി. അവൾ പുറത്തേക്ക് നോക്കി. മട്ടുപ്പാവിലെ എല്ലീഡി പ്രഭയെ ആക്രമിക്കുന്ന ഈയ്യൽക്കൂട്ടം. അങ്ങകലെ കൂറ്റൻ ഹൈമാസ് വിളക്കുമരം കടലിനെ നോക്കുന്നു.

കടലിന്റെ ഇരമ്പൽ നിലക്കുന്നില്ല. പതിവില്ലാതെ കടലിളകുകയാണെന്നും...മത്സ്യബന്ധനത്തിന് ആളുകൾ കടലിൽ പോകരുതെന്നും ടി.വിലും തെളിയുന്നു. ഭിത്തിയിലെ വിലയ ടി.വി ഓഫാക്കി തിരിഞ്ഞതും പൊടുന്നനെ അടച്ച ജനാലക്കപ്പുറം പാമ്പ് അവളെ നോക്കുന്നു. അതിപ്പോൾ അകത്തേക്ക് കടക്കാനുള്ള ശ്രമമാണ്. പൊടുന്നനെ അവളെഴുന്നേറ്റ് ഓടി ജനൽ കർട്ടനുകളിട്ട് പാമ്പിന്റെ കാഴ്ച്ചമറച്ചു...ഭയം സിരകളെ മദിച്ചു.

## പാമ്പ് ചില്ല് തുരന്നകത്ത് കേറുമോ?

അവൾ കുട്ടികളേയുമെടുത്ത് താഴത്തെനിലയി ലെ അറയിലേക്ക് പോയി. ജനലും വാതിലുകളും നന്നായി ബന്ധിച്ചു. അവൾ ശ്രദ്ധിച്ചു ഗയിറ്റിന്റെ ഇടതുവശത്തെ എല്ലീഡി ബൾബ് ഒന്ന് ഫ്യൂസായിരിക്കുന്നു. മുറ്റത്തിന്റെ വലതുവശത്തെ ഇരുട്ടിലേക്കവൾ മിഴിച്ച് നോക്കി. അവിടെ ധാരാളം പാമ്പുകൾ മറഞ്ഞിരിക്കുന്നുണ്ടാകും. നിഷാന്ത് ഏതുസമയത്താവും വരുക.

പിറ്റേന്ന് റജീനത്താ വന്നു. "അല്ലകുട്ട്യേ നീയെന്താ മാധവിക്കുട്ട്യാ, ഒറ്റക്കിങ്ങനെ ചിന്തിച്ചിരിക്കാന്.."

"നിഷാന്തിനിയും വന്നിട്ടില്ല..റജീനത്താ."

"ഓൻ വരൂം ഷാഹിനേ... നീയ്യ് തീ തിന്നേണ്ട."

"ഞാനെന്താ ചെയ്യ്ക ഒരെത്തും പിടിയുമില്ല...സമൂഹം വെറുത്തവൾക്ക് ഇനി അഭയം എവിടാണ്. തിരികപ്പോകാനാകില്ല ..അഛനു അമ്മയും ഏടേന്ന് അറിയില്ല.എനക്ക് ജോലിംമില്ല."

"ഭയപ്പെടാതെ.നാളെങ്കൂടി നോക്കീട്ട് മരമില്ലില് ചോദിക്കാം...അല്ലാ നീ അറ മാറിയോ?"

"പാമ്പവിടെ ജനാക്കപ്പുറം പിന്നെയും വന്നു റജീനത്താ!"

"എങ്കീ പോക്കർക്കാ ടൗണീന്ന് വരുമ്പോ നോക്കാൻ പറയാം."

"റജീനത്താ എനക്ക് ഭയമാകുന്നു...ആ പാമ്പ് ഇവിട്യേംമെത്തൂന്ന്."

"ഓഹോ...രണ്ടുംകൽപ്പിച്ചാണില്ലേ."റജീനത്താ ചിരിച്ചു.

"മനസ്സ് മിത്യയാണ് ഷാഹിനേ. അവിടെ നനഞ്ഞ മണ്ണിൽ പൂച്ചെടികൾ അതിവേഗം വളരും പക്ഷെ....നനവ് നഷ്ടപ്പെട്ടാലോ പൂക്കൾ വാടും."

റജീനത്താ തിരികെപോയപ്പോൾ കണ്ണറിയാതെ വെള്ളം നിറഞ്ഞു. തിരിച്ച്പോകാനാവില്ല. അത് അടഞ്ഞഅദ്ധ്യായമാണ്. തലയും മുലയും വളർന്നപ്പോൾ അഛനമ്മമാരെ അന്യരാക്കിയ തനിക്ക് ശിക്ഷകിട്ടുകയാണന്ന് ഷാഹിന ഭയന്നു....താൻ ചെയ്തത് തെറ്റല്ലേ.

കുഞ്ഞുങ്ങൾക്കരുകിലവരെ കെട്ടിപ്പിടിച്ച് കിടന്നു...ഹൃദയം മിടിക്കുകയാണ് അതിന്റെ ഒച്ച ശ്രദ്ധിച്ചു.........വേദനയുണ്ട്. ഇല്ല തോന്നലാണത്. ഹദയത്തിന്റെഭാഗം അമർത്തി നോക്കി....അങ്ങനെചയ്യുമ്പോഴാണ് നല്ല വേദന അനുഭവപ്പെടുക.

പെൺകുട്ടികൾ വളരുമ്പോൾ ചന്തംകൂടുമെന്ന് അമ്മയാണ് പറഞ്ഞത്, ആപ്പോളാണ് ആണുങ്ങൾനോക്കുക പോലും. ആണുങ്ങളെന്തിനാണ് പെൺകുട്ടികളെ നോക്കുന്നതെന്ന് ചിന്തിച്ചുപോയിട്ടുണ്ട്. ഇഷ്ടപ്പെട്ട

പെണ്ണിനെ ആണുങ്ങൾ നോക്കുമെന്ന്. ആണുങ്ങളങ്ങനെയാണന്ന്....സൂക്ഷിക്കേണ്ടത് പെണ്ണാണന്ന്.. ഇതൊക്കെ പറയാനെ അമ്മക്ക് നേരമുണ്ടായിരുന്നുള്ളൂ.

പെണ്ണ് എന്ത് സൂക്ഷിക്കാൻ.. റെജീനത്താ പറഞ്ഞത് ശരിയല്ലേ.....ആണുങ്ങൾ നോക്കുമ്പോഴല്ലേ പെണ്ണ് പെണ്ണാകുന്നത്. അവരുടെ ശ്രദ്ധയെ വശീകരിക്കേണ്ടത് പെണ്ണിന്റെ കടമായണ്. അതിന് മതവും ജാതിയുമില്ല.... ആണ് നോക്കിയില്ലേല് പെണ്ണ് നപുംസകമാണന്ന്.

ചിന്തിച്ചുനോക്കൂ.......

ആവശ്യമില്ലാത്തതൊന്നും തലേക്കേറ്റണ്ട.. ആണുങ്ങൾ തുറിച്ച് നോക്കുന്നത് ശ്രദ്ധിക്കണമെന്നും, അവരുടെ വശീകരണത്തെ അവഗണിക്കണമെന്നും അമ്മ ശട്ടംകെട്ടി. ആദ്യാർത്തവത്തോടെ ഭയം, നാണം എന്നിവ മനസ്സിൽ അള്ളിപ്പിടിച്ചു.അഛൻറ മുഖത്ത് നോക്കാൻ മടിയായി. മാസമുറ പിന്നീട് ശീലമായി... പുറത്ത് പറയാൻ നാണിച്ചു. അഛനെ കാണുമ്പോൾ ഓടി മുറിക്കേറി...കാര്യമറിയാതെ ഒരിക്കലഛൻ ചോദിച്ചു,

എന്താമോളെ നിനക്കെന്താ എന്നേക്കാണുമ്പോളൊരു ഭയം.

നിങ്ങളിങ്ങുവന്നേ....അമ്മ അഛനെ പിടിച്ച് വലിച്ച് കൊണ്ടുപോയി. അടുക്കളയിൽ കുശലം കേട്ടു. ശ്ശ്....ശ്ശ് പിന്നീട് അഛൻ പൊട്ടിച്ചിരിക്കുന്നതാണ് കേട്ടത്....എന്റെ മോള് വയസ്സറിയിച്ചന്നോ...ആങ്ഹാ കോള്ളാല്ലോ....പക്ഷെ അമ്മ അഛന്റെ നിസ്സാരതയോട് കലഹിച്ചു. വേണ്ട...വേണ്ട അവളൊടൊന്നും ചോദിക്കേണ്ട.

അഛനോട് കൂടുതലിടപഴകുന്നതിനോട് അമ്മ അതിരിട്ടു. എന്തിനാണത് എന്നൊന്നും മനസ്സിലായില്ല..എങ്കിലും അഛൻ അമ്മയുമായി വഴക്കാകാതിരിക്കാൻ പാടുപെടുന്നതുപോലെ തോന്നി...അന്നുമുതൽ അഛൻ അകലത്തിലേക്ക് പോയി. സ്കൂളിലും ഇതു തന്നെ സ്ഥിതി. പ്രിൻസിപ്പാൾ പ്രത്യേകം വിലക്കി ആൾകുട്ടികളുമായി സംസാരം വേണ്ടന്ന്.

എന്തിനാണിങ്ങനെ എല്ലാവർക്കും ഭയം...എല്ലായിടത്തും വിലക്ക്..അതീന്ന് പുറത്തുകടക്കാൻ മനസ്സ് സ്വീകരിച്ച മാർഗ്ഗമായിരുന്നോ നിഷാന്ത്. അവൾ ഭയന്നു. മാസമുറവരുമ്പോഴല്ലാം അമ്മ ഓരോന്നും പറഞ്ഞു ഭയപ്പെടുത്തി...ആൺകുട്ടികളോട് മിണ്ടരുതെന്ന്. ആൺഅദ്ധ്യാപകരുമായി അടുപ്പം വേണ്ടന്ന്...എന്തിനാണി വേവലാതികളെന്ന് തോന്നീട്ടുണ്ട്. താൻ മാത്രമേ ഈ ലോകത്ത് പെണ്ണായിട്ടുള്ളോ. ഭയമെന്നും ഒരു പുഴുവിനേപ്പോലെ ശരീരംമുഴുവൻ അരിച്ചു. അഛനേയും...ആണുങ്ങളായ ബന്ധുക്കളേയും ഭയന്നു. അവരെക്കാണുമ്പോൾ മാറി നടന്നു ചിലപ്പോൾ പഠിക്കാനെന്ന് പറഞ്ഞ് മുറിക്കുള്ളിൽക്കേറി

മറഞ്ഞിരുന്നു.

അമ്മയുടെ വേവലാതി കണ്ട് അഛൻ ക്ഷോഭിച്ചു. നിനക്കെന്താ പ്രാന്തു പിടിച്ചോ ദേവകി....അമ്മയുടെ എല്ലാവേവലാതികൾക്കിടയിലും താനാണ് വെന്ത് പോയത്. ദിനവും പത്രഭാഗങ്ങൾ ചൂണ്ടിക്കാട്ടി അഛനോട് നൊരോളിക്കുന്ന അമ്മ എല്ലാവരേയും അസ്വസ്തമാക്കി.

"നീ എന്നെയും സംശയിക്കുവാണില്ലേ...പെമ്മക്കളുള്ള അഛന്മാർക്ക് വീട്ടിക്കഴിയേണ്ടേ....എന്നൊക്കെ ഇടക്കിടെ അഛൻ മുരളുന്നതുകേട്ടു."

"പെമ്മക്കളെ വളർത്തിയെടുക്കാനുള്ള ബുദ്ധിമുട്ട് ഒരമ്മക്കേ അറിയൂ." അമ്മയും ക്ഷോഭിച്ചു.

അന്ന് അഛൻ അമ്മയോട് വഴക്കിട്ട് ഇറങ്ങിപ്പോയി..പിന്നീട് അഛന്റെ വിഷാദവും....അമ്മയുടെ ആവലാതിയും അവരെ വെറുത്തുവോ എന്ന് തോന്നി. അഛനൊന്നും ചോദിക്കില്ല പറയില്ല...വിഷാദം. ആൺമക്കളി ല്ലാത്തതിന്റെ നൊമ്പരം എപ്പോഴും അഛന്റെ വാക്കുകളിൽ പെയ്തു.

താനിത് സ്കൂളിലെ കൂട്ടുകാരികളോട് പങ്കുവച്ചു. അവർ ചിരിച്ചു.

"നീ ഏതുദൈവത്തോടാ പ്രാർത്ഥിക്കുന്നേ അനു?"

"അതെന്താ നിങ്ങൾ അങ്ങനെചോദിച്ചത്?"

"അല്ല ഇങ്ങക്ക് നൂറായിരം ദൈവങ്ങളുണ്ടല്ലോ...അതുകൊണ്ടോ."

കൃത്യമായുത്തരം പറഞ്ഞില്ല...ശ്രീകൃഷ്ണഭഗവാനെ ഇഷടമായിരുന്നു..

അതുകേട്ട് അന്നവർ നന്നായി ചിരിച്ചു.

"എന്തിനാ ചിരിക്കുന്നേ?"

"ഏകാഗ്രമായി പ്രാർത്ഥിക്കൂ...എല്ലാത്തിനും പടച്ചോന് പരിഹാരംകാ ണുന്നു."

മറ്റ് മതവിഭാഗത്തിൽപെട്ടതായോണ്ട്....അവരുടെ മതകാര്യങ്ങളൊക്കെ ചർച്ചചെയ്തിരുന്നു.....സ്ത്രീകളോടുള്ള സ്നേഹവും, ബഹുമാനവും അവർകാട്ടുന്നത് അത്രക്ക് പറഞ്ഞു തന്നു. സ്തീകൾ പർദയണിയുന്ന തിന്റെ മാന്യതയും വിശദീരിച്ചു. അങ്ങനെയുള്ളവരോട് ബഹുമാനം കൂടി....

എവിടെപ്പോയാലും അമ്മ ചോദിക്കും. അതൊന്നുമൊരു തെറ്റല്ല.. വേവ ലാതിയുള്ള അമ്മമനസ്സ് സ്നേഹമാണ്. പക്ഷെ ഇന്നാ അമ്മയെവിടെ... അഛനെവിടെ....എവിടയോ ജീവിക്കുന്നുണ്ടാവും. വർഷങ്ങളായി കണ്ടി ട്ട്, ഒന്ന് വിളിച്ചിട്ട്.

ബെഡ്ഡിൽ കിടന്നുറങ്ങുന്ന കുട്ടികളെനോക്കി അവൾ നെടുവീർപ്പെട്ടു. അവരെ ശുശ്രൂഷിക്കാനും, കൊഞ്ചിക്കാനും അമ്മമ്മയുണ്ടായിരു ങ്കിൽ....വല്ല്യഛനുണ്ടായിരുന്നെങ്കിൽ ....അമ്മമ്മയാണ് തന്നെനോക്കീത്. കണ്ണെഴുതി പൊട്ട്തൊട്ട് നഴ്സറീലു വിട്ടത്, സ്കൂളില് വിട്ടത്. അതവ

ജനലഴിയിലെ പാമ്പ്



ഏറ്റവും വലിയ തടിക്കച്ചവടക്കാരന്റെ മകനാണുപോലും നിഷാന്ത്... പിന്നീടാണ് അറിഞ്ഞത്...നിഷാന്ത് അവിടുത്തെ ജോലിക്കാരനാണന്ന്.. പക്ഷെ നിഷാന്തിന്റെ സ്നേഹവാക്കുകൾ മറക്കാനാവില്ല....കൂട്ടുകാരികൾ കൊണ്ടുതന്ന ലവ്ലെറ്ററുകൾ രസിച്ച് വായിച്ചു. നിഷാന്ത് എഴുതുന്നു മതവും ജാതിക്കുമപ്പുറം മനുഷ്യൻ ചിന്തിക്കണമെന്ന് അത് പുതുതലമുറയുടെ കടമയെന്ന്. ജാതി മനുഷ്യന് ആവശ്യമില്ലന്നും,അത് നിഷേധിക്കണമെന്നും ആഹ്വാനം

മതം മനുഷ്യനെ ഇടുക്കികളയുമെന്ന്....അതിൽ നിന്ന് പുറത്തുകടക്കണമെന്ന്...

തന്റെയും നിഷാന്തിന്റേയും ചിന്ത ഒന്നാണ്. കൂട്ടുകാരികളുടെ വീട്ടിൽ

വച്ച് അവരറിയാതെ നിഷാന്ത് ചുംബിച്ചത് മറക്കാനാവുന്നില്ല....അഛനും അമ്മയും തന്നെ ചുംബിച്ചിട്ടില്ല. അവർ ചെയ്യാത്തത് നിഷാന്താണ് ചെയ്തത്..

നിന്റെ കണ്ണുകൾക്ക് വലിയ ആഴമാണ്...ചുണ്ടുകൾ മധുരനാരങ്ങകളാണ്. വാക്കുകൾക്ക് മായാ സ്പർശം.

"മോളെ നിനക്ക് അത് ചേരില്ല...രണ്ട് ജീവിതരീതികൾ മനുഷ്യനെ വലക്കും."

"ഇല്ലച്ചാ....നിഷാന്തിനെ എനിക്ക് നന്നായി അറിയാം. മനുഷ്യജാതിയിലാണ് എനിക്കും നിഷാന്തിനും വിശ്വാസം." അതുകേട്ട് അഛന്റ കണ്ണുകളിൽ വിസ്മയം

"നീ വല്ലാതെ വളർന്നത് അച്ഛനറിഞ്ഞില്ല മോളെ."അച്ഛൻ വിതുമ്പി.

അമ്മ കരഞ്ഞു.കൂകിവിളിച്ച് നെഞ്ചിലടിച്ചു..അനിയത്തി....അമ്പരപ്പോടെ മുറിക്കുള്ളിലേക്ക് വലിഞ്ഞു.

"അവൾ വളരെയേറെ മുന്നേറിക്കഴിഞ്ഞു. മനുഷ്യചിന്തകൾക്ക് അതിരുകകളില്ല."

അച്ഛൻ അമ്മയോട് പറയുന്നത് കേട്ടു..."എവിടെ നിന്റെ നിയന്ത്രണങ്ങൾ എന്നിൽ നിന്നുപോലും മകളെ ഒളിപ്പിക്കാനുള്ള നിന്റെ തത്രപ്പാടുകൾ ഓർത്തുനോക്കൂ ദേവകി."

മനുഷ്യഹൃദയത്തെ ചലിപ്പിക്കുന്ന ദിക്ക് ആർക്കുമറിയില്ല..അത് കടലാഴമാണ്.

അച്ഛന്റെ കണ്ണുകൾ ആദ്യമായി നിറഞ്ഞത് കണ്ടു.

"അവന് ജോലിയും വിദ്യാഭ്യാസവു മുണ്ട്...നിനക്കോ?"

"പെൺകുട്ടികൾ ജോലിചെയ്യേണ്ടന്നാ നിഷാന്ത് പറയുന്നത്."

"അപ്പോൾ നിനക്കെവിടെ സ്വാതന്ത്ര്യം അതിനല്ലേ നീ മറ്റൊരു കൂടു തേടിയത്?"

"ജോലിയില്ലാന്ന് കരുതി നിഷാന്തെന്നെ കെട്ടിയിടില്ല."

"എങ്കിലവനേ വിളിക്ക് നമുക്കൊന്നിച്ച് ജീവിക്കാം."

"എന്തിനാച്ഛാ ഇങ്ങനൊക്കെപറയുന്നത്. നിഷാന്ത് മാന്യനാണ്."

"അപ്പോൾ നിന്റച്ഛനും അമ്മയുമാണോ മാന്യരല്ലാത്തോർ. നിനക്ക് ചതി പറ്റിയാല്."

"നിഷാന്ത് അങ്ങനെ ചെയ്യില്ല."

"പക്വതവരുമ്പോഴേ മനുഷ്യൻ തെറ്ററിയൂ."

"എനിക്ക് പക്വതയുണ്ട്..പതിനെട്ട് വയസ്സായ തീരുമാനമെടുക്കാൻ പ്രാപ്തിയുള്ള പെണ്ണാണ് ഞാൻ."

"പക്വത എന്നുപറഞ്ഞാൽ പതിനെട്ട് വയസ്സല്ല മോളേ. ഞാൻ പത്തുചോദ്യങ്ങൾ ചോദിക്കാം.ഒരുകിലോ ഉപ്പിന്റെ വില നിനക്കറിയോ? ദില്ലിയിലേക്ക് ട്രയിൻപോകുന്ന സ്ഥലങ്ങളറീമോ? പറയൂ മലാല യൂസഫ് ആരാണ്.? ഇന്ത്യയിൽ എത്ര രാഷ്ട്രീയപാർട്ടികളുണ്ട്? കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ ആരുടേതാണ്? ഇന്ത്യയിലെത്ര മത ങ്ങളുണ്ട്? ഏത് ആശയത്തിന്റെ പേരിലാണ് നീ നിഷാ ന്തിനെ ഇഷ്ടപ്പെട്ടത്?"

വാക്കുകളില്ലാതെ നിന്നപ്പോൾ അച്ഛൻ തുടർന്നു..

"മനുഷ്യന്റ പഠനം മരണം വരെയാണ്. എന്നിട്ടും അവൻ അറിവുകെട്ട വനാണ്. അറിവിനാധാരം വയസ്സല്ല മോളെ."

"തമ്മിൽ സന്ഹിക്കുന്നത് തെറ്റാണോ അച്ഛാ....അമ്മയുമച്ഛനും പ്രേമിച്ച് വിവാഹം കഴിച്ചവരല്ലേ എന്നിട്ട് എന്ത് പറ്റി?"

"ഞങ്ങൾ ഒരേ മതവിഭാഗത്തിൽ പെട്ടവരാണ്."

"മതങ്ങൾ മനുഷ്യരെ വേർതിരിക്കാൻ പാടില്ലച്ഛാ...". അതുകേട്ട് അച്ഛൻ പറഞ്ഞു.

"ദേവകി...നീ കൃഷ്ണമണിയായി വളർത്തിയ മോളുടെ തന്റേടം കണ്ടോ."

അമ്മയുടെ തേങ്ങലുകൾ അടുക്കളക്കോണിൽ കേട്ടു....

ഇഷ്ടപ്പെട്ടവന്റെ കൂടെ ജീവിക്കുന്നതിന്റെ അപ്രമാദിത്വം വാക്കുകളിൽ ജ്വലിപ്പിച്ചു.

മക്കളുടെ ഇഷ്ടങ്ങളെ വിലക്കുന്ന മാതാപിതാക്കൾ സ്നേഹമില്ലാത്ത വരാണന്ന നിഷാന്തിന്റെ വാക്കുകൾ ശരിയാണോ?

വേവലാതികൾ ജനിക്കുന്നത് കുട്ടികളുണ്ടാകുമ്പോഴാണ്....അമ്മപറ ഞ്ഞത് ഹൃദയത്തിൽ വെന്തു. അമ്മ കൊണ്ടുനടന്ന മണ്ടത്തരങ്ങളൊക്കെ ഓർത്ത് ചിരിച്ചു.

അച്ഛനുമമ്മക്കും ഉറക്കങ്ങൾ നഷ്ടപ്പെട്ട ദിനങ്ങളേക്കുറിച്ചോർത്തു.

പിറ്റേന്ന് ചുരിദാറിൽ വന്ന റജീനത്താത്ത വളരെ സുന്ദരിയായിത്തോ ന്നി. അവരുടെ നിമ്നോന്നതങ്ങൾ ആകർഷകമാണ്.

"റജീനത്താത്തക്ക് ചുരിദാറ് നല്ലതാണ്."

"ആണോ? പക്ഷെ ചുരിദാറിന്റെ തെറിപ്പൊന്നും ബേണ്ടാന്നാ പോക്കർക്കാ പറയുന്നേ.."

"അതില്ലേല് പെണ്ണ് പെണ്ണല്ലന്ന് ആർക്കാണറിയാത്തത്."ഷാഹിന ചിരി

ച്ചു.

പൊടുന്നനെ ഷാഹിന തുറന്നിട്ട ജനലഴികളിൽ പാമ്പ് ഇരുന്ന് നാവ് നീട്ടുന്നത് കണ്ടു. ഷാഹിനായുടെ ചങ്കില് വെള്ളിടിവെട്ടി.

"ദേ പാമ്പ്!" റജീനത്തായും കണ്ടു പാമ്പിനെ...പൊടുന്നനെ പാമ്പ് ജനലിന് പുറത്തേക്ക് വേഗം മറഞ്ഞു. ജനലിങ്ങനെ തുറന്നിടരുത്. റജീനത്താ വേഗം ജനലടച്ച് പറഞ്ഞു.

"ആ പാമ്പുതന്നെയാണ്...അതിപ്പോൾ ഇങ്ങോട്ടേക്ക് വന്നു." ഷാഹിന വിറക്കാൻ തുടങ്ങി.

"പാമ്പുകൾ എല്ലായിടത്തുമുണ്ട് മോളെ ഭയക്കരുത്. പോക്കർക്കായോട് പറഞ്ഞ് അപ്പുറത്തെ പൊന്തക്ക് തീയ്യിടാം."

കുട്ടികളപ്പോൾ പ്രധാനഹാളിൽ കളിക്കുന്ന ഒച്ചകേട്ടു.

"നിഷാന്ത് ഇനിയും വിളിച്ചിട്ടില്ല റജീനത്താ." ഷാഹിന ഭിത്തിമേല് മുഖം ചേർത്തുവച്ചു.

"കരേണ്ട..പോക്കർക്കായോട് തിരക്കാൻ പറയാം." റജീനത്താ വേഗത്തിൽ പുറത്തേക്ക് പോയി.

നെഞ്ച് അമർത്തി കുട്ടികൾക്കൊപ്പം കളിക്കാനായി ഷാഹിന കുനിഞ്ഞു. വയ്യാ. ഉള്ളിൽ കടലിരമ്പം ഉച്ചത്തിലാവുകയാണ്. ഈ കുഞ്ഞുങ്ങളെന്തുപിഴച്ചു നിഷാന്ത്... നീ എവിടാണ്. നിന്റെ ചിറകൊതുക്കിലായ ഈ അബലയെ വഴിവക്കിലിട്ട് മറഞ്ഞോ നീ. ഞാനത് വിശ്വസിക്കില്ല... താരാട്ട്പാടിയുറക്കിയ അഛനേയും അമ്മയേയും നിനക്ക് വേണ്ടി തട്ടിയെറിഞ്ഞവളാണ് ഞാൻ. നീ എന്താണ് ഫോണെടുക്കാത്തത്. തിരിച്ച് വിളിക്കാത്തത്.

ഒന്നുവീണാൽ....വേദനിച്ചാൽ വാരിയെടുത്ത് ഉമ്മവക്കുന്ന ചുണ്ടുകളാണ് എനിക്ക് നഷ്ടപ്പെട്ടത്. ഈ വേർപാട് അസഹ്യനീയമാണ്.....ഈ രാവിൽ ഇരമ്പുന്നത് കടലല്ല ഹൃദയമാണ്... നീയില്ലാതെ എനിക്ക് ജീവിതമില്ല. പാമ്പുകൾ വേട്ടയാടുന്ന ഈ ഗൃഹം വിട്ടു നമുക്ക് ദൂരേക്ക് പോകാം നിഷാന്ത്. ഞാനെല്ലാം ക്ഷമിക്കാം...എന്റച്ഛനുമമ്മയും എനിക്ക് പിറകിൽ ഉമ്മറംകൊട്ടിയടച്ചത് നിനക്കറിയില്ലേ.

കുട്ടികളുറങ്ങി.രാത്രിയേറെയായിട്ടും അവൾ ഉറങ്ങിയിരുന്നില്ല.

ചിന്തകൾക്ക് കടിഞ്ഞാൺ നഷ്ടപ്പെട്ടു.

നിന്റെ അസമാന്യ അനിഷ്ടങ്ങൾക്ക് എന്നെ ഇരയാക്കരുത്...ഈ സമൂ

ഹം നമുക്ക് മാപ്പ് തരില്ല ..നമ്മുടെ മക്കൾക്ക് താരാട്ടുപാടേണ്ട ചുണ്ടുകൾ നമ്മളെ വെറുത്തത് നിനക്കറിയില്ലേ. വീടെന്ന ചുവരറക്കുള്ളിൽ വിങ്ങി ഷാഹിനയുടെ കണ്ണീർച്ചാലുകൾ പുഴയായി.

സ്വയമുയരാൻനോക്കിയ വിഢിയോ ഞാൻ? അതോ ഇരുന്നകൊമ്പുമുറിച്ച വേതാളമോ?

അമ്മയുടെ ശാസനകളെ വെറുത്ത...അച്ഛന്റെ വാക്കുകളെ തിരിച്ചറിയാത്ത, ജീവിത പരിസ്ഥിതികളാണോ മനുഷ്യനെ മറ്റൊന്നാക്കുന്നത്... വിദ്യാഭ്യാസം...ജോലി...ആഘോഷമായ വിവാഹം.സകലതും നഷ്ടപ്പെടുത്തി ഒരാശയത്തിനുവേണ്ടി.

സ്നേഹത്തിനുവേണ്ടി തുറന്ന പുസ്തകമായ എന്നെ നിനക്കിപ്പോൾ വേണ്ടന്നാണോ. എങ്കിലതീ ശൂന്യതേന്ന് വിളിച്ചുപറയൂ.ഈലോകം കേൾക്കട്ടേ.

നമുക്ക് മനുഷ്യരായാൽ മതി നിഷാന്ത്... നിന്റെ രണ്ടുകുഞ്ഞുങ്ങളതാ നിഷ്ക്കളങ്കരായി കളിക്കുന്നു.ആർക്ക് വേണ്ടിയാണ് ഞാനവരെ പെറ്റത്....നിനക്കോ..എനിക്കോ...അതോ ജാതിക്കോ മതത്തിനോ അവിവേകം മനുഷ്യനെ കാർന്നുതിന്നും. മരണംവരെ മനുഷ്യൻ പഠിച്ചു കൊണ്ടേയിരിക്കണമെന്ന അച്ഛന്റെ വാക്കുകൾ... ശരിയാണ്. തൊട്ടാൽ പൊട്ടുന്ന ഈ ഹൃദയമാണ് യഥാർത്ഥ ജാതി...അനുഭവം എനിക്ക് തീപ്പൂക്കളാണ്. പ്രയമാകുമ്പോൾ അച്ഛനുമമ്മക്കു താങ്ങും തണലുമാകേണ്ട ഞാനിന്ന് അറ്റം കാണാത്ത മരുഭൂമിയിൽ ഒറ്റപ്പട്ടോ.... ദൈവമേ.. ഷാഹിന പൊട്ടിക്കരഞ്ഞു.

ജനാലയിൽ ആരോതട്ടുകയാണ്. ആരാണ് ഈ പാതിരാക്ക്. അവൾ എഴുന്നേറ്റ് കർട്ടനകത്തിനോക്കി...പാമ്പ് തന്നെ. അതുപോയിട്ടില്ല...ജനൽവഴി അത് അകത്തുകടക്കാൻ ശ്രമിക്കുകയാണ്. അവൾ പെട്ടന്ന് പുറകോട്ട് മാറി എങ്കിലും ഇപ്പോളവൾക്ക് ഭയം കുറഞ്ഞിരുന്നു. അത് അകത്തുകടന്നാൽ കടക്കട്ടെ. അവൾക്ക് കർട്ടനിടാൻ തോന്നീല്ല.. ഈ അനാഥത്വത്തിൽ പാമ്പുകളെങ്കിലും കൂട്ടാകട്ടെ എന്നുകരുതി.

മനുഷ്യാവകാശത്തിന്റെ ഏതു പടുകുഴിയിലാണ് ഈ ജീവിതം കുടുങ്ങിക്കിടക്കുന്നത് എതുമനുഷ്യാവകാശ കമ്മീഷനാണ് ഇനി ഇതൊക്കെ കണ്ടെത്തുക....അഛനമ്മമാർക്ക് കണ്ണീരു കൊടുത്ത മകളെന്ന വിധി തലക്കുമുകളിൽ വാളുയർത്തി നിൽക്കുന്നു. ദിക്കുകളില്ലാതെ വഴിമുട്ടിയ ഒരു അഭയാർത്ഥിയാണ് താനന്ന് അവൾക്ക് തോന്നി. രാത്രി തീരാൻ പോകുന്നു. ക്ഷമിക്കാൻ കഴിയാത്തവരെ കാലം തട്ടിയെടുക്കുന്നു. മതങ്ങൾ ജീവിതങ്ങളുടെ ചോരയൂറ്റുമ്പോൾ നിസ്സാഹയായി...ഏതോ തെറ്റിനാൽ പിടിക്കപ്പെട്ടവളെപ്പോലെ ഷാഹിന പൊടുന്നനെ ബെഡ്ഡിലേക്ക് പോയി വീണു. അവളപ്പോൾ കണ്ടു ജനാലക്ക

പ്പുറം ഇപ്പോൾ രണ്ട് പാമ്പുകൾ പത്തിവിടർത്തുന്നു...പെട്ടന്നത് മൂന്നായി..പിന്നെ നാലായി...അതു പെരുകുകയാണ്. അമ്മേ!!!എന്നിട്ടും അവൾക്ക് ഭയം പെരുകിയില്ല. അവ മുറിയിലെത്തിയാൽ മരണം നിശ്ചയമാണ്.

എന്തിനാണീ ജീവിതം? പാമ്പുകൾ എന്റെ രക്തം കുടിക്കട്ടെ.

പൊടുന്നനെ അവൾ ജനാല തുറക്കാൻ തന്നെ തീരുമാനിച്ചു. അവൾ എഴുന്നേറ്റ് ജനാലക്ക് നേരെ തിരിഞ്ഞതും മൊബൈൽ ബല്ലടിച്ചു.. അവൾ ആർത്തിയോടെ നോക്കി...നിഷാന്തായിരിക്കും.....അപ്പോൾ അങ്ങേത്തലക്കൽ ഹൃദയം നുറുങ്ങിയ വാക്കുകൾ കേട്ടു..

മോളേ നിനക്ക് സുഖമാണോ.....ഫോൺ താഴേക്ക് വീണു.

അതിന്റെശബ്ദത്തിൽ കുട്ടികൾ എഴുന്നേറ്റ് ഭയന്ന് കരയാൻ തുടങ്ങി.

email: pazhukaran@gmail.com